(സി) താലൂക്ക് തലത്തിൽ ലീഗൽ മെട്രോളജി ഇൻസ്പെക്ടർമാരും, ജില്ലാതലത്തിൽ അസിസ്റ്റന്റ് കൺട്രോളർമാരും ജില്ലകളിലെ ഫ്ളൈയിംഗ് സ്ക്വാഡുകളും, ഇപ്പോൾത്തന്നെ നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇവയ്ക്കുപുറമെ ഓരോ ആഴ്ചയിലും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തിവരുന്നു.

വെച്ചൂർ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി

89 (1664) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെച്ചൂർ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) നിലവിലുള്ള 'വെച്ചൂർ' പശുക്കളുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെയാണ് ഇപ്പോൾ പ്രസ്തുത പശുക്കൾ ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എല്ലാ താലൂക്കുകളിലും ഈ പശുക്കളുടെ പ്രദർശനം സംഘടിപ്പിക്കുന്നതിന് തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) സ്വീകരിക്കാവുന്നതാണ്.

(ബി) 2007-ലെ സെൻസസ് പ്രകാരം 160 എണ്ണം.

(സി) കോട്ടയം, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിലാണ് വെച്ചൂർ പശുക്കളുള്ളത്.

(ഡി) സംസ്ഥാന ജില്ലാതല പ്രദർശനങ്ങളിൽ വെച്ചൂർ പശുക്കളെ ഉൾപ്പെടുത്താറുണ്ട്. പശുക്കളുടെ എണ്ണം പരിമിതമായതിനാൽ എല്ലാ താലൂക്കുകളിലും പ്രദർശനം സംഘടിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

കൊല്ലം ജില്ലയിലെ ക്ഷീരകർഷകർക്ക് കാലതാമസം കൂടാതെ പെൻഷൻ നൽകാൻ നടപടി

90 (1666) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷക പെൻഷനുവേണ്ടി കൊല്ലം ജില്ലയിൽ നിന്ന് നാളിതു വരെ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട് ; ബ്ലോക്ക് തലത്തിലുള്ള വിശദാംശം അറിയിക്കുമോ ;

(ബി) ഇതിൽ എത്ര കർഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് ; ആയതിന്റെ വിതരണം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly